## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6124 02.04.2018-ലെ മറുപടിയ്ക്ക്

## സ്കൂൾ, കോളേജ് ഗ്രൗണ്ടുകളുടെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് സ്കൂൾ, കോളേജുകൾ എന്നിവയിലെ ഗ്രൗണ്ടുകൾ നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക്കുകൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ കായിക വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; | (എ) & (ബി) | നിലവിലുള്ള സ്കീമൽ പദ്ധതി പ്രകാരം സ്കൂൾ, കോളേജ്, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ 4 ലൈൻ സിന്തറ്റിക് ട്രാക്ക്, മൾട്ടി പർപ്പസ് കോർട്ട് മുതലായവ നിർമ്മിച്ച് നൽകി വരുന്നുണ്ട്. എന്നാൽ ഗ്രൗണ്ടുകളുടെ നവീകരണം സംബന്ധിച്ച പദ്ധതി നിലവിലില്ല. "ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം " എന്ന പദ്ധതി പ്രകാരം സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയം/ഇൻഡോർ സ്റ്റേഡിയം മുതലായവ സർക്കാർ തെരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ നിർമ്മിച്ച് നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | സംസ്ഥാനത്തെ കായിക രംഗത്തിന് ഉണർവേകുന്ന തരത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ ഗ്രൗണ്ടുകൾ, സ്റ്റേഡിയങ്ങൾ എന്നിവ നവീകരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**